CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സ്ലീവാപാത

(ഈശോയെ ക്രൂശും താങ്ങി....)



(ഗാനങ്ങളോടുകൂടിയത്)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## പ്രാരംഭഗാനം

ഈശോയെ ക്രൂശും താങ്ങി-
പോയ നിന്റെ അന്ത്യയാത്രയിതിൽ
കന്നിമേരി അമ്മയോടും
ചേർന്നു നിന്നെയനുഗമിച്ചീടുന്നു ഞങ്ങൾ
സ്വർഗ്ഗീയ മാർഗ്ഗമിതിൽ
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിക്കാൻ
നീ തുണയ്ക്കു, നിനക്കവ കാഴ്ചവച്ചീടാം.

## പ്രാരംഭ പ്രാർത്ഥന

ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി ഗാഗുൽത്താമലയിൽ അങ്ങു രക്തം ചിന്തിക്കൊണ്ടു സമർപ്പിച്ച ദിവ്യബലിയിൽ ആത്മനാ പങ്കുകൊള്ളുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശിരസ്സിൽ മുൾമുടി ധരിച്ചും തോളിൽ കുരിശു വഹിച്ചും അങ്ങു ഗാഗുൽത്തായിലേക്കു പോയ ആ വഴിയിൽ അങ്ങേ ദിവ്യമാതാവിനോടൊത്തു ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. മാനസികമായ അങ്ങയുടെ ക്ലേശങ്ങൾക്കും ശാരീരിക

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



മായ അങ്ങയുടെ പീഡാസഹനങ്ങൾക്കും ഞങ്ങളുടെ പാപങ്ങളല്ലോ കാരണം. കർത്താവേ, ഞങ്ങളുടെ പാപങ്ങളെ ഓർത്തു ഞങ്ങൾ മനസ്തപിക്കുന്നു. ഇനിമേലിൽ പാപംചെയ്ത് അങ്ങയെ വേദനിപ്പിക്കുകയില്ലെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. അനുദിന ജീവിതത്തിലെ ക്ലേശങ്ങളാകുന്ന കുരിശും വഹിച്ചുകൊണ്ട് അങ്ങയുടെ പിന്നാലെ വരുവാനും ജീവിതബലി പൂർത്തിയാക്കാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ.

*(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

പീലാത്തോസ് -അന്യായമായ്
ഈശോയെ കൊല്ലുവാനായ് വിധിച്ചു
നമ്മുടെ വൻ പാപഗണം
കാരണമായിതിനെന്നു ധ്യാനിച്ചീടുക.

ന്യായേശാ പാപികളാം
ഞങ്ങളെ നീ വിധിച്ചീടും നാളിൽ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



നീതിപോലെ ചെയ്യരുതേ!
കാരുണ്യത്തോടെ ഞങ്ങളെ തൃക്കൺപാർക്കണേ

## ഒന്നാം സ്ഥലം

## ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു

ഈശോമിശിഹായെ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു: എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടു രക്ഷിച്ചു.

സർവ്വശക്തനായ കർത്താവേ, നിർദ്ദോഷിയായിരുന്നിട്ടും ഒരു പാതകിയെപ്പോലെ പീലാത്തോസിന്റെ മുമ്പിൽ അവഹേളിതനായി നിറുത്തപ്പെട്ട



അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ നിരവധിയായ പാപങ്ങൾ നിമിത്തം ഇന്നും ഞങ്ങൾ അങ്ങയെ അവഹേളിക്കുകയും ഒറ്റിക്കൊടുക്കുകയും അന്യായമായി വിധിക്കുകയും ചെയ്യുന്നു. സഭയുടെ ശത്രുക്കൾ വിശ്രമരഹിതരായി അദ്ധ്വാനിക്കുമ്പോൾ ഞങ്ങൾ അലസരായി കഴി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



യുന്നു. കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കണമെ. അനുദിന ജീവിതത്തിൽ ഞങ്ങൾക്കെതിരായി മറ്റുള്ളവർ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ തിന്മകളേയും ക്ഷമാപൂർവ്വം സഹിക്കുവാനും ഞങ്ങളുടെ പാപ പരിഹാരത്തിനായി അവ വിനയപൂർവ്വം കാഴ്ചവയ്ക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

യൂദന്മാർ ഭാരമേറും
ക്രൂശുതന്റെ തിരുതോളിലേറ്റി
സോദരരെ താൻ ചുമക്കും
ക്രൂശു നമ്മൾ ചെയ്ത പാപഭാരമല്ലയോ

നാഥാ, ഈ ജീവിതത്തിൽ
ക്രൂശുകളാം ബഹുക്ലേശങ്ങളെ
മോദമോടെ കൈക്കൊൾവാനും
സഹിക്കാനും ഞങ്ങളെ നീ ശക്തരാക്കണേ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART